A | 404

# സമഗ്ര ശിക്ഷ, കേരളം
# പാദവാർഷിക മൂല്യനിർണയം 2018-19
# പരിസരപഠനം

ക്ലാസ്- 4 | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ..............................

വിദ്യാലയത്തിന്റെ പേര് ..............................

ഡിവിഷൻ ..............................

രക്ഷിതാവിന്റെ ഒപ്പ് ..............................


അധ്യാപകന്റെ ഒപ്പ് ..............................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ജീവികളെ അറിയാം | |
| 2 | മരം ഒരു വരം | |
| 3. | വിത്തു മുളപ്പിക്കാം | |
| 4 | വേരും മരവും | |
| 5 | സ്വാതന്ത്ര്യത്തിലേക്ക് | |
| 6 | സമരങ്ങൾ | |
| | ഓവറോൾ ഗ്രേഡ് | |


**നിർദേശങ്ങൾ**

1. ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. ആറ് പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന ചോദ്യങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

## പ്രവർത്തനം - 1 - ജീവികളെ അറിയാം



**എ. ചിത്രത്തിലെ ജന്തുക്കളുടെയും സസ്യങ്ങളുടെയും പേരുകൾ കണ്ടെത്തി എഴുതുക.**



ബി. ജീവികളെ അവയുടെ വാസസ്ഥലത്തിനനുസരിച്ച് പട്ടികയിലാക്കുക.

| വാസസ്ഥലം | ജീവികൾ |
| --- | --- |
| കര | ..........., ..........., ..........., ........... |
| ........... | ..........., ..........., ..........., ........... |
| കരയിലും ജലത്തിലും | തവള, ..........., ..........., ........... |

സി. കരയിലും ജലത്തിലും ജീവിക്കുന്ന ഒരു ജീവിയാണല്ലോ തവള. മത്സ്യം വെള്ളത്തിൽ മാത്രവും. രണ്ടിനെക്കുറിച്ചും കൂടുതൽ എഴുതൂ. (രണ്ടുവീതം പ്രത്യേകതകളെങ്കിലും എഴുതണം)

| തവള | മത്സ്യത്തിന്റെ പ്രത്യേകതകൾ |
| --- | --- |
| ........... | ........... |
| ........... | ........... |
| ........... | ........... |
| ........... | ........... |
| ........... | ........... |
| ........... | ........... |
| ........... | ........... |
| ........... | ........... |

ഡി. ആമയ്ക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കുന്നതിനാവശ്യമായ പ്രത്യേകതയല്ലാത്തത് ഏത് ?


എ. തോണിയുടേതു പോലുള്ള ശരീരാകൃതി

ബി. കട്ടിയുള്ള പുറംതോട്

സി. തുഴപോലുള്ള കാലുകൾ

ഡി. തോടിനുള്ളിലേക്ക് വലിയ്ക്കാവുന്ന തല

**പ്രവർത്തനം – 2 – മരം ഒരു വരം**




എ. മരത്തിന് ചുറ്റുമുള്ള ജീവികൾക്ക് മരവുമായുള്ള ബന്ധം കണ്ടെത്തുക തുടർന്ന് പട്ടിക പൂർത്തിയാക്കുക.

| ജീവി | മരവുമായുള്ള ബന്ധം |
|---|---|
| പ്രാണികൾ | മരത്തിലെ പൂക്കളിൽ നിന്ന് തേൻ ശേഖരിക്കുന്നു |
| കാക്ക | |
| ഇത്തിൾക്കണ്ണി | |
| കുരങ്ങൻ | |

ബി. 'മരം ഒരു ആവാസ വ്യവസ്ഥയാണ്' - ഈ പ്രസ്താവനയോട് യോജിക്കാത്തത് ഏതൊക്കെ?

- എല്ലാ ജീവജാലങ്ങൾക്കും തണൽ നൽകുന്നു.
- ജീവികൾക്ക് ആവശ്യമായ ഭക്ഷണം നൽകുന്നു.
- മരങ്ങളിൽ ഏകബീജ പത്രസസ്യങ്ങളും ദ്വിബീജപത്ര സസ്യങ്ങളും ഉണ്ട്.
- ചില സസ്യങ്ങൾ മരത്തിൽ പറ്റിപിടിച്ചു വളരുന്നു.
- മരങ്ങൾക്ക് തായ്‌വേരുപടലവും നാരുവേര് പടലവും ഉണ്ട്.
- മരങ്ങൾ വെള്ളവും വായുവും വലിച്ചെടുത്ത് വളരുന്നു.
- മരങ്ങളിലെ ഇലകൾക്ക് വ്യത്യസ്ത ആകൃതിയും വലുപ്പവുമാണ്.
- വീട്ടുപകരണങ്ങൾ നിർമിക്കുന്നതിന് മരങ്ങൾ ഉപയോഗിക്കുന്നു.

**ഞാൻ കണ്ടെത്തിയ പ്രസ്താവനകൾ**


- 
- 
- 
- 

സി. 'മരം ഇല്ലാതായാൽ ആവാസവ്യവസ്ഥ നശിക്കും' എന്നു പറയുന്നതെന്തുകൊണ്ട്? നിങ്ങളുടെ കണ്ടെത്തലുകൾ എഴുതൂ.

- ജീവികളുടെ വാസസ്ഥലം നഷ്ടമാകും.
- 
- 
- 
- 
- 
- 

## പ്രവർത്തനം - 3- വിത്തു മുളപ്പിക്കാം

വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കാനായി മീരയും കൂട്ടുകാരും ഒരുക്കിയ സജ്ജീകരണങ്ങൾ നോക്കു.



1. വെണ്ട 2. നെല്ല് 3. കവുങ്ങ് 4. പയർ

എ. മുളച്ചു വരുന്ന വിത്തുകളുടെ ബീജപത്രത്തിന്റെ പ്രത്യേകതകൾ എഴുതുക.

| സസ്യം | പ്രത്യേകത |
|---|---|
| വെണ്ട | ദ്വിബീജപത്ര സസ്യം |
| നെല്ല് | |
| കവുങ്ങ് | |
| പയർ | |

ബി. ഓരോ സസ്യങ്ങളിലെയും ഇലകളുടെ പ്രത്യേകതകൾ കണ്ടെത്തുക.

| സസ്യം | സിരാവിന്യാസം |
|---|---|
| വെണ്ട | |
| നെല്ല് | |
| കവുങ്ങ് | |
| പയർ | |

സി. തെങ്ങോല, മുളയില എന്നിവ നെടുകെ നേരെ കീറിയെടുക്കാൻ കഴിയുന്നതെന്തു കൊണ്ട്?

എ) ഇലകൾക്ക് കട്ടി കുറവായതിനാൽ.


ബി) ജാലികസിരാവിന്യാസമായതിനാൽ.


സി) സമാന്തരസിരാവിന്യാസമായതിനാൽ.

ഡി) മേൽപ്പറഞ്ഞവയൊന്നുമല്ല.

## പ്രവർത്തനം - 4 വേരും മരവും

എ. ചിത്രത്തിലെ വേരുപടലങ്ങളുടെ പേരെഴുതൂ.





ബി. സ്കൂൾ വളപ്പിൽ നിന്നും മാളവികയും കൂട്ടുകാരും വേരുപടലങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടിനം സസ്യങ്ങളെ കണ്ടെത്തി, അവയുടെ പേരെഴുതി പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| | |

സി. രണ്ട് വേരുപടലങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

## പ്രവർത്തനം - 5 സ്വാതന്ത്ര്യത്തിലേക്ക്

**എ. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചില പ്രധാന സംഭവങ്ങൾ ചുവടെ ചേർക്കുന്നു.**

കിറ്റ് ഇന്ത്യ സമരം

ഉപ്പുസത്യഗ്രഹം

അഹമ്മദാബാദ് തുണിമിൽ സമരം

ജാലിയൻവാലാബാഗ് സംഭവം

ചമ്പാരൻ സമരം

സംഭവങ്ങളെ ക്രമത്തിലെഴുതൂ.

ചമ്പാരൻ സമരം
↓
[ ]
↓
[ ]
↓
[ ]
↓
[ ]




**ബി. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നടത്തിയ സമരത്തെക്കുറിച്ച് കുറിപ്പ് തയാറാക്കൂ.**

[ ]

**സി. സത്യഗ്രഹ സമരങ്ങൾക്ക് ആവേശം നൽകിയ 'വരിക വരിക സഹജരേ' എന്ന സ്വാതന്ത്ര്യഗീതം കേരളത്തിലെ ഏതു സമരവുമായി ബന്ധപ്പെട്ടാണ് ആലപിച്ചത്?**

എ) കിറ്റ് ഇന്ത്യാ സമരം

ബി) ഉപ്പ് സത്യഗ്രഹം

സി) മലബാർ കലാപം

ഡി) വൈക്കം സത്യഗ്രഹം

## പ്രവർത്തനം – 6 സമരങ്ങൾ

**എ. താഴെ തന്നിരിക്കുന്ന സൂചനകൾക്കു നേരെ സമരങ്ങളുടെ പേരെഴുതു.**

| | |
|---|---|
| • ജാലിയൻവാലാബാഗ് സംഭവത്തെ തുടർന്നുള്ള ദേശവ്യാപക സമരം | |
| • ആദ്യത്തെ സത്യഗ്രഹം | |
| • കർഷകരുടെ മേൽ അടിച്ചേൽപ്പിച്ച നികുതി ഇളവ് ചെയ്യാൻ | |
| • തൊഴിലാളികളുടെ കൂലി വർധനവിനു വേണ്ടിയുള്ള സമരം | |
| • നികുതി കൊടുക്കാതെ ഉപ്പ് കുറുക്കിയാൽ ജയിൽശിക്ഷ | |

**ബി. 'സത്യത്തെ മുറുകെപ്പിടിക്കുക, തെറ്റെന്നു തോന്നുന്നതിനെ എതിർക്കുക, എതിരിടുമ്പോഴും അക്രമം അരുത്, അഹിംസ കൈവെടിയരുത്' ഈ പ്രസ്താവനകൾ ഏതു സമരവുമായി ബന്ധപ്പെട്ടതാണ്?**

എ) നിസ്സഹകരണ സമരം

ബി) സത്യഗ്രഹ സമരം

സി) ബഹിഷ്കരണ സമരം

ഡി) നിരാഹാര സമരം

**സി. ചിത്രങ്ങൾ നോക്കി ആരാണെന്ന് കണ്ടെത്തി എഴുതു.**

